വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7 – ാം വർഷം

2023
ജൂലൈ 16

കൈത്താ ഒന്നാം ഞായർ

അതിഥിയും ആതിഥേയനും

1 രാജ 18:30-39, ശ്ലീഹ 5:12-20, 1 കൊറി 1:9-16, ലൂക്ക 14:7-14

യേശുക്രിസ്തു പങ്കെടുക്കുന്ന വിരുന്നുകളിൽ, യേശു ഭക്ഷണം കഴിച്ചിട്ട് മടങ്ങിപ്പോവുക എന്നത് മാത്രമല്ല നടക്കുക. ചിലപ്പോൾ അത് വചനത്തിന്റെ വേദിയായി മാറും. ഇന്നത്തെ വായനയുടെ വേദിയും ഒരു വിരുന്നാണ്. ഒരേസമയം വിരുന്നിൽ അതിഥിക്കും, വിരുന്നിന്റെ ആതിഥേയനും യേശുവിന്റെ സുവിശേഷം കിട്ടുന്നു. വിരുന്നു നമ്മുടെ ജീവിതവും, അതിഥിക്കും, ആതിഥേയനും കൈമാറിയ ഉപദേശം നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള നിരീക്ഷണവും ആയി മാറുന്നു. ഓരോ വ്യക്തിയും ഒരേ സമയം അതിഥിയും ആതിഥേയനും ആകുന്ന ഒരവസ്ഥ. ഒരു ക്രൈസ്തവൻ സ്വന്തമാക്കേണ്ട അടിസ്ഥാന മനോഭാവം ഇവിടെ ക്രിസ്തു വരച്ചിടുന്നു.

ഞാൻ എന്ന അതിഥി

വിരുന്നിന്റെ ആദ്യ ഭാഗത്തേക്ക് നമുക്ക് വരാം. ഇവിടെ ഫോക്കസ് അതിഥി ആണ്. നമുക്കെല്ലാം പരിചയമുള്ള സീൻ ആണ്. എല്ലായിടത്തും മുന്നിൽ നില്ക്കാൻ ഇഷ്ടപ്പെടുന്നവർ ആണല്ലോ നാമെല്ലാം. വിരുന്നിൽ ആദ്യം ഇരിക്കാനും സമ്മേളനവേദികളിൽ പ്രധാന ഇരിപ്പിടം കരസ്ഥമാക്കാനും പലരും കാണിക്കുന്ന പരാക്രമങ്ങൾ നാം എത്രയോ കണ്ടിരിക്കുന്നു. എളിമയോടെ പിറകിൽ ഇരിക്കുന്ന അതിഥിയെ ആതിഥേയൻ വിളിച്ചു മുന്നോട്ടു ഇരുത്തട്ടെ, അതല്ലേ ശ്രേഷ്ഠം എന്ന് യേശു ചോദിക്കുന്നു. തന്നെ തന്നെ ഉയർത്തുന്നവനോട്, യേശു പറയുന്നു, നിനക്ക് ഉയരാൻ ആഗ്രഹം ഉണ്ടെങ്കിൽ, നീ നിന്നെ തന്നെ താഴ്ത്തുക. നമ്മുടെ ചെറിയ മനസ്സുകൾ ഇഷ്ടപ്പെടാത്ത ഒന്നാണ് ഇത്. നമ്മുടെ ബുദ്ധിയിൽ മനസ്സിലാക്കാൻ പറ്റാത്തതും.

തന്നെത്തന്നെ ഉയർത്തുന്നവർ

ഭൂരിപക്ഷമായ ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നത്. നമുക്ക് ഏറ്റവും ഇഷ്ടമുള്ളത് നമ്മെ തന്നെയാണ്. ഒരു പക്ഷെ മുമ്പെന്നത്തെക്കാളും നമ്മളെ തന്നെ ഇഷ്ടപ്പെടാനും ആസ്വദിച്ചു കൊണ്ടിരിക്കാനും ഇത്രമാത്രം സൗകര്യമുള്ള ഒരു കാലം വേറെ ഉണ്ടായിട്ടില്ല. സോഷ്യൽ മീഡിയ മനുഷ്യരെ കൂട്ടി ഇണക്കുന്നതോടൊപ്പം തങ്ങളെ തന്നെ ഫോക്കസ് ചെയ്തു അതിൽ അഭിരമിക്കുന്ന ഒരു സാഹചര്യം കൂടിയാണ് ഒരുക്കുന്നത്. നമ്മുടെ ഫോട്ടോകൾക്ക്, നമ്മുടെ പോസ്റ്റുകൾക്ക് എത്ര ലൈക് കിട്ടി എന്നറിയാൻ എല്ലാവരും ആകാംക്ഷയോടെ കാത്തിരിക്കുന്ന ഒരു കാലം. മറ്റെല്ലാ ജീവികളിൽ നിന്നും ശ്രേഷ്ഠരായ ജീവികൾ ആണ് തങ്ങൾ എന്നാണ് മനുഷ്യവർഗ്ഗം വിചാരിക്കുന്നത്. ഈ പ്രപഞ്ചത്തിന്റെ ഉത്ഭവത്തിനെ 24 മണിക്കൂർ ഉള്ള ഒരു ക്ലോക്ക് ആയി സങ്കല്പിച്ചാൽ, മനുഷ്യൻ ഉണ്ടായിട്ട് ഏതാനും മിനിറ്റുകൾ മാത്രമേ ആയിട്ടുള്ളൂ. പക്ഷെ ആ മനുഷ്യൻ

ബോബി ജോർജ്

പ്രപഞ്ചത്തെ അടക്കി ഭരിക്കാൻ ആഗ്രഹിക്കുന്നു. ഈ പ്രപഞ്ചവും അതിലെ സകല ജീവജാലങ്ങളും നിലനിൽക്കുന്നത് തനിക്കു വേണ്ടിയാണ് എന്ന് മനുഷ്യൻ വിചാരിക്കുന്നു. മനുഷ്യന്റെ അഹങ്കാരത്തിന്റെ തുടക്കം ഇവിടെയാണ്. വിശേഷബുദ്ധി വിശേഷമായ ഉത്തരവാദിത്വം മനുഷ്യന് കൊടുക്കുന്നുണ്ട് എന്ന് അവൻ സൗകര്യപൂർവ്വം മറക്കുന്നു.

ജീവിതം എന്ന വിരുന്നിൽ ഒരു അതിഥി ആയി പങ്കെടുക്കുന്ന നമ്മളിൽ ഉണ്ടാവേണ്ട അടിസ്ഥാന മനോഭാവം എന്താണ്? അത് എളിമയുടേതാണ്. അത് താൻ ആണ് ഏറ്റവും വലിയവൻ എന്നതല്ല. എവിടെ ആയിരുന്നാലും, അത് വീടാകട്ടെ, ഓഫിസ് ആകട്ടെ, മറ്റു പൊതുവേദികൾ ആകട്ടെ, അവിടെ എല്ലാം ഏറ്റവും പ്രധാനപ്പെട്ട വ്യക്തി നമ്മൾ ആകണം എന്ന് നാം ആഗ്രഹിക്കുന്നു. എല്ലായിടത്തും നമ്മുടെ ഈഗോ നമ്മെ നയിക്കുന്നു. ഒന്നാലോചിച്ചു നോക്കിയാൽ ലോകയുദ്ധങ്ങൾ മുതൽ, കുടുംബവഴക്കുകൾ വരെ ഉടലെടുക്കുന്നത് ഈ ചിന്തയിൽ നിന്നാണ്. എല്ലാം കീഴടക്കണം എന്ന് ആഗ്രഹിക്കുന്ന മനുഷ്യന്റെ ചാപല്യമാണ് ഒരു വ്ലാദിമിർ പുടിനെ സൃഷ്ടിക്കുന്നതും വിനാശകരമായ യുദ്ധത്തിലേക്ക് ലോകത്തെ തള്ളി വിടുന്നതും. ആരുടെ മുന്നിലും ചെറുതാകാൻ കൂട്ടാക്കാത്ത, ആരിൽ നിന്നും ഒന്നും പഠിക്കാൻ തയ്യാറില്ലാത്ത മനസ്സ് നമ്മെ നിത്യമായ സംഘർഷത്തിലേക്കാണ് നയിക്കുക. പലപ്പോഴും നമുക്ക് അതിരു കവിഞ്ഞ ആത്മവിശ്വാസമാണ്. നമ്മുടെ പണത്തിൽ, നമ്മുടെ ആരോഗ്യത്തിൽ, നമ്മുടെ പദവികളിൽ ഒക്കെ. അനേകരെ ആശ്രയിച്ചു കടന്നു വന്ന ബാല്യമോ, നമ്മെ കാത്തിരിക്കുന്ന പരാശ്രയത്തിന്റെ വർധക്യമോ പലപ്പോഴും നാം ഓർക്കാറില്ല. കഴിഞ്ഞ ദിവസം 80 വയസ്സിനു മുകളിൽ പ്രായമുള്ള ഒരാളുമായി ബസിൽ യാത്ര ചെയ്യാൻ ഇടയായി. രാത്രി കിടക്കാൻ സമയം ആയപ്പോൾ തന്റെ കാലുകൾ എടുത്തു മടക്കി ബർത്തിലേക്കു വയ്ക്കാൻ അദ്ദേഹം കഷ്ടപ്പെടുന്നു. അത് ചെയ്യാൻ ഒരാളുടെ സഹായം വേണ്ടി വരുന്നു. വാർധക്യത്തിൽ ഇതുപോലെ കഷ്ടപ്പെടുന്ന മനുഷ്യൻ തന്നെയാണ് ഒളിമ്പിക്സിൽ മെഡൽ നേടുന്നതും ലോകകപ്പിൽ ഗോൾ അടിക്കുന്നതുമൊക്കെ. ഈ ഒരു സത്യം ആണ് നമ്മൾ ഓർക്കേണ്ടത്. നമ്മുടെ കഴിവുകളുടെ പരിമിതികൾ. ഇന്ന് ക്രിസ്തു പഠിപ്പിക്കുന്ന കാര്യം വളരെ ലളിതമാണ്. അത് നമ്മുടെ അറിവ് പരിമിതമാണ് എന്ന ബോധ്യമാണ്. അത് നമ്മുടെ ആരോഗ്യം എന്നും ഉണ്ടാവില്ല എന്ന തിരിച്ചറിവാണ്. അത് അധികാരവും പദവികളും ശാശ്വതമല്ല എന്ന യാഥാർഥ്യമാണ്. അത് ഏതു കൊച്ചുകുട്ടിയിൽ നിന്നും അറിയാത്ത കാര്യങ്ങൾ പഠിക്കാൻ ഉള്ള സമ്മതമാണ്. അത് ജീവിത പങ്കാളിക്ക് വില കൊടുക്കാൻ ഉള്ള മനസ്സാണ്. ഭാര്യ ആണോ ഭർത്താവു ആണോ വലുത് എന്ന തർക്കത്തിൽ തകർന്ന ദാമ്പത്യങ്ങൾ എത്രയോ ഉണ്ടാവും.

ഞാൻ എന്ന ആതിഥേയൻ

രണ്ടാമതായി ക്രിസ്തു നമ്മെ കൊണ്ട് പോകുന്നത് ആതിഥേയന്റെ മനസ്സിലേക്കാണ്. ഒരാൾ വിരുന്നു നടത്തുമ്പോൾ ആരെയാണ് ക്ഷണിക്കുക? നീ സദ്യ കൊടുക്കുമ്പോൾ നിന്നെ പകരം വിളിക്കാൻ സാധിക്കുന്നവരെ അല്ല, മറിച്ചു അതിനു സാധിക്കാത്തവരെ ആണ് വിളിക്കേണ്ടത് എന്ന് ക്രിസ്തു പറയുന്നു. ഇതിൽ എല്ലാ മനുഷ്യരെയും വിശിഷ്യാ ദുർബലരെയും പിന്തള്ളപ്പെട്ടവരെയും ഉൾക്കൊള്ളുന്ന വിശ്വമാനവികതയുടെ സന്ദേശമുണ്ട്. അതാണ് ക്രിസ്തുമതം. ഇവിടെ വിരുന്നു ജീവിതത്തിന്റെ പ്രതീകമാണ്. നമ്മുടെ ജീവിതത്തിലേക്ക് നാം ക്ഷണിക്കേണ്ടത് ആരെയൊക്കെയാണ്?

എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണ് എന്നും അതുകൊണ്ടു അവർ സഹോദരങ്ങൾ ആണ് എന്നുമുള്ളതാണ് ഏറ്റവും വിപ്ലവകരമായ ക്രൈസ്തവമൂല്യം. നമ്മുടേതുപോലുള്ള നിറം ഇല്ലാത്തവരെ, നമ്മുടെ ആചാരങ്ങൾ ഇല്ലാത്തവരെ, നമ്മുടേതിൽ നിന്നും ഭിന്നമായ അഭിപ്രായം ഉള്ളവരെ, നമ്മുടെ ഭാഷയും, സംസ്കാരവും ഇല്ലാത്തവരെ ഒക്കെ മാറ്റി നിർത്തുക എന്ന ഒരു സ്വാഭാവിക പ്രവണതയുണ്ട്. ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ വിപത്തും അതാണ്. നമുക്ക് ചുറ്റും നോക്കുക. എല്ലാവരും തങ്ങളെ പോലെ ഉള്ളവരെ മാത്രം തേടി നടക്കുന്നു. ണവമമ്മൊ ഗ്രൂപ്പുകൾ മുതൽ, രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങൾ വരെ നമ്മൾ നമ്മെ പോലുള്ളവരെ തേടുന്നു. അതോടൊപ്പം തന്നെ ശ്രദ്ധേയമായ ഒന്നാണ് പണവും, അധികാരവും, സൗന്ദര്യവും ഒക്കെ ഉള്ളവരോട് ചേരാൻ ഉള്ള നമ്മുടെ ആഗ്രഹം. എന്ത് ചെയ്യുമ്പോഴും ഒരു പ്രത്യുപകാരം നമ്മൾ പ്രതീക്ഷിക്കുന്നു. തിരിച്ചു ഒന്നും തരാൻ പറ്റാത്തവൻ നമ്മുടെ പരിഗണയിൽ വരുന്നില്ല. ഈ പ്രവണതയെ മറികടക്കാൻ ആണ് യേശു ഇന്ന് ആഹ്വാനം ചെയ്യുന്നത്. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ അതുകൊണ്ടു എന്ത് പ്രയോജനം എന്നതാണ് ക്രിസ്തു ചോദിച്ച ഏറ്റവും പ്രധാനപ്പെട്ട ചോദ്യം.

Survival of the fittest നാം ധാരാളം കേട്ടിട്ടുണ്ട്. ശേഷിയുള്ളവർ ശേഷിക്കുന്ന അവസ്ഥ. മറ്റു ജീവി വർഗ്ഗങ്ങളിൽ നിന്നും മനുഷ്യൻ വ്യത്യസ്തൻ ആകുന്നത്, ശേഷിയുള്ളവർ ശേഷിയില്ലാത്തവരെ സംരക്ഷിക്കുന്ന ഒരു ജീവി വർഗ്ഗം ആയി അത് മാറുമ്പോഴാണ്. എല്ലാവരും ആരോഗ്യമുള്ളവരല്ല. അതുപോലെ സമ്പത്തിന്റെ കാര്യത്തിലും മറ്റു പ്രിവിലേജുകളുടെ കാര്യത്തിലുമൊക്കെ അങ്ങേയറ്റം വ്യത്യാസങ്ങൾ നിലനിൽക്കുന്ന ഒരു ജീവിയാണ് മനുഷ്യൻ. മനുഷ്യന്റെ ഇടക്കുള്ള അസമത്വം വേറെ യാതൊരു ജീവികൾക്കിടയിലും ഇല്ല. ഒരു കുടുംബത്തിൽ തന്നെ എല്ലാ മക്കളും ഒരു പോലെ അല്ല. എല്ലാ ജാതിയിൽ പെട്ടവർക്കും ആരോഗ്യമുള്ളവനും ഇല്ലാത്തവനും സമ്പന്നനും ദരിദ്രനും കുരുടനും മുടന്തനും ഒക്കെ ഒരുപോലെ അവകാശപ്പെട്ട ഒന്നാണ് ഈ ഭൂമി എന്ന തിരിച്ചറിവാണ് സംസ്കാരം . അധികാരവും ധനവും സൗന്ദര്യവും ആരോഗ്യവും ഒക്കെ ഉള്ളവരുടേതു മാത്രമാണ് ലോകം എന്ന് നമുക്ക് തോന്നാം. സ്വാതന്ത്ര്യം ഉള്ളവൻ അത് ഇല്ലാത്ത ഒരുവനെ സ്വതന്ത്രമാക്കാൻ ഉപയോഗിക്കട്ടെ എന്ന് ടോണി മോറിസൺ പറയും. ആരോഗ്യമുള്ളവൻ സംരക്ഷിക്കേണ്ടത് ആരോഗ്യം ഇല്ലാത്തവനെയാണ് . വിദ്യാഭ്യാസം ഉള്ളവൻ അതില്ലാത്തവനെയും പരിഗണിക്കുമ്പോഴാണ് ഈ ലോകം വിശുദ്ധമാവുക.

എളിമയുടെയും സാഹോദര്യത്തിന്റെയും സുഗന്ധമുള്ള മനുഷ്യനെ സൃഷ്ടിക്കുക എന്നത് ആണ് യേശു കണ്ട സ്വപ്നം. എളിമയുള്ള മനുഷ്യരാണ് ലോകത്തു സമാധാനം സൃഷ്ടിക്കുന്നത്. അതുപോലെ അപരനെ അവന്റെ കുറവുകളോട് കൂടി, അവന്റെ വിത്യസ്തതകളോട് കൂടി ഉൾക്കൊള്ളുന്നതിലും വലിയ മതമോ മാനവികതയെ ഇല്ല. അപ്പോൾ നമ്മൾ ജീവിതം എന്ന വിരുന്നിൽ നല്ല അതിഥിയും ആതിഥേയനും ആകും. ഉള്ളതിൽ അധികം മേന്മ നമുക്ക് ഒരിക്കലും തോന്നാതിരിക്കട്ടെ (റോമാ 12:3). സ്വയം ശൂന്യനാക്കി കുരിശുമരണത്തോളം തന്നെത്തന്നെ താഴ്ത്തിയ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com